**File No.LSGD-EPB2/295/2017-LSGD**

'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല - ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി. ഇന്ദിരയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കൽ-- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) 1512/2018-ന്മേലുള്ള 28.09.2018-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.285/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 03/02/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 30.09.2016-ലെ ഡി8-32202/2015 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 15.11.2017-ലെ ഡി8-32202/2015 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 04.07.2018-ലെ 295/ഇപിബി2/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീമതി. പി. ഇന്ദിര സമർപ്പിച്ച 04.10.2018-ലെ പ്രതിവാദ പത്രിക

5 സ.ഉ.(സാധാ) നം.570/2019/തസ്വഭവ തീയതി 08.03.2019

6 ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.05.2019-ലെ ബി1-6339/2015 നമ്പർ റിപ്പോർട്ട്

7 സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 19.12.2019-ലെ എ1-1/60/2019-കെ.പി.എസ്.സി. നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ 2014-2015 വർഷത്തെ പദ്ധതി രൂപീകരണ പ്രോജക്ട് നം. 1/2015-ഉം അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വീഴ്ചകൾ മുൻനിർത്തി ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. ഇന്ദിരയ്ക്കെതിരെ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചു.

1. ശ്രീമതി പി. ഇന്ദിര 19.08.2014 മുതൽ 20.07.2015 വരെ ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനം ചെയ്ത സമയത്ത് പദ്ധതി നിർവ്വഹണ ചെലവിൽ ഉൾപ്പെടുത്തി വണ്ടി വാടകയിനത്തിൽ 11,600/- രൂപ ടിയാരിയുടെ മകന്റെ പേരിൽ ട്രിപ്പ് ഷീറ്റ് നൽകി മാറി എടുത്തതായ നടപടി ക്രമവിരുദ്ധമാണ്.

2. ഉപ്പുതറ പാലം ജംഗ്ഷൻ മുതൽ എസ്.എൻ.ഡി.പി. ജംഗ്ഷൻ വരെ ഓട ക്ലീനിംഗ് നടത്തിയത് തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയറുടെ എസ്റ്റിമേറ്റും, സാക്ഷ്യപ്പെടുത്തലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാത്തതുമായ നടപടിയിൽ വീഴ്ച സംഭവിച്ചിരിക്കുന്നു.

3. ക്രമ നമ്പർ 1, 2 ചെലവുകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനമില്ലാതെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അറിവോടും അല്ലാതെ ചെയ്തതിനെച്ചൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം പരാതി നൽകുന്നതിന് ഇടയാക്കിയ സംഭവം ടിയാരിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കണക്കാക്കുന്നു.

4. ശ്രീമതി. പി. ഇന്ദിര സെക്രട്ടറിയായിരുന്ന കാലയളവിൽ ഗ്രാമപഞ്ചായത്തിൽ അഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം ഉണ്ടാവുകയും പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ഏകോപനവും ഐക്യവും പ്രകടമാവാത്തതും ടിയാരിയുടെ വീഴ്ചയായി കണക്കാക്കുന്നു.

തുടർന്ന് സെക്രട്ടറി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കിടയിൽ ഏകോപനം ഉണ്ടാക്കുന്നതിൽ വീഴ്ച വരുത്തുകയും ഗ്രാമപഞ്ചായത്തിലെ ഫയലിംഗ് സംവിധാനത്തിൽ മനഃപൂർവ്വവും ബോധപൂർവ്വവുമായ അലംഭാവം കാട്ടി ഫയലുകൾ സ്വന്തം കൈവശം വച്ച് സെക്ഷനുകളിൽ നല്കാതെ നടപടികൾ ക്രമപ്രകാരമല്ലാതെയും ചട്ടപ്രകാരമല്ലാതെയും കൈകാര്യം ചെയ്യുക വഴി വ്യാപകമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി. ഇന്ദിരക്കെതിരെ ശിക്ഷാ നടപടികൾ തുടർന്ന് വരവേ ശ്രീമതി. പി. ഇന്ദിര 31/05/2017- ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവന്ന അച്ചടക്ക നടപടികൾ പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കി ശ്രീമതി. പി. ഇന്ദിരയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീമതി. പി. ഇന്ദിരയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താത്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് ശ്രീമതി. പി. ഇന്ദിര ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ് (ഇകെഎം) 1512/18-മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 28.09.2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. പി. ഇന്ദിര വിശദീകരണം സമർപ്പിക്കുമെന്നും അപ്രകാരം വിശദീകരണം ലഭിച്ച 2 മാസത്തിനുള്ളിൽ അച്ചടക്ക നടപടി തീർപ്പാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. പി. ഇന്ദിര പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീമതി. പി. ഇന്ദിരയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താത്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീമതി. പി. ഇന്ദിരയ്ക്കെതിരായ അച്ചടക്ക നടപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ് വഹിക്കുന്ന ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ശ്രീമതി. പി. ഇന്ദിരയെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 08.07.2019-ൽ നേരിൽ കേൾക്കുകയുണ്ടായി.

ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെയും നേരിൽ കേട്ട വേളയിൽ ശ്രീമതി. പി. ഇന്ദിര സമർപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും ശ്രീ. പി. ഇന്ദിരയുടെ പ്രതിമാസ

പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിനെടുത്ത താത്കാലിക തീരുമാനത്തിൽ ഇളവ് വരുത്തി ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് തീരുമാനമെടുത്ത് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും പരാമർശം (7) പ്രകാരം കമ്മീഷൻ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ഇന്ദിരയ്ക്കെതിരെ ഉന്നയിച്ചിട്ടുള്ള രണ്ട് ആരോപണങ്ങളും നിലനിൽക്കുന്നില്ല എന്ന് കാണാൻ സാധിച്ചിട്ടുണ്ട്. ഇടുക്കി ജില്ല ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ശ്രീമതി. പി. ഇന്ദിര ജോലി ചെയ്തിരുന്നത് 19.12.2013 മുതൽ 15.06.2015 വരെയുള്ള കാലയളവിലാണ്. ഇക്കാലയളവിൽ പദ്ധതി നിർവ്വഹണ ചെലവിൽ ഉൾപ്പെടുത്തി വണ്ടി വാടകയിനത്തിൽ 11,600/- രൂപ മകന്റെ പേരിൽ മാറ്റിയെടുത്തുവെന്നും പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനമില്ലാതെ ഉപ്പുതറ പാലം മുതൽ എസ്.എൻ.ഡി.പി. ജംഗ്ഷൻ വരെയുള്ള ഓട വൃത്തിയാക്കി തുക ചെലവഴിച്ചു എന്നുമുള്ള ആരോപണങ്ങളാണ് ഇന്ദിരയ്ക്കെതിരെ ഉന്നയിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷം ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ ഗ്രാമകേന്ദ്രം സേവാഗ്രാമിന് അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 18 വർഡ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കിയിരുന്നു. സിഡ്കോയിൽ നിന്ന് സ്റ്റീൽ അലമാര, സ്റ്റീൽ മേശ, ഫൈബർ കസേര എന്നിവ വാങ്ങി ഗ്രാമകേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതാണ് പ്രസ്തുത പദ്ധതി. ഫർണീച്ചർ പരിശോധിച്ച് അതത് ഗ്രാമകേന്ദ്രങ്ങളുടെ കൺവീനർമാർക്ക് കൈമാറുക എന്ന നടപടി പൂർത്തിയാക്കുന്നതിനാണ് വണ്ടി വാടകക്കെടുത്തത്. 5-1-15, 8-1-15, 13-1-15, 17-1-15, 23-1-15, 26-2-15, 14-3-15 എന്നീ തീയതികളിലാണ് KL-37-588 എന്ന നമ്പറിലുള്ള വണ്ടി വാടകക്കെടുത്തത് എന്ന് ഫയലിലുള്ള ട്രിപ്പ് ഷീറ്റിൽ നിന്ന് മനസ്സിലാവുന്നുണ്ട്. ഈ ദിവസങ്ങളിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള സർക്കാർ വാഹനം ലഭ്യമായിരുന്നോ എന്ന് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള log book page പരിശോധിച്ചപ്പോൾ മനസ്സിലാകുന്നത് 5-1-15, 17-1-15, 23-1-15, 14-3-15 എന്നീ തീയതികളിൽ വണ്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ ഉപയോഗത്തിലായിരുന്നുവെന്നും, 8-1-15-ന് റിപ്പയറിലായിരുന്നുവെന്നും 13-1-15-ന് പീരുമേട് തഹസീൽദാറുടെ കൈവശമായിരുന്നുവെന്നുമാണ്. ആയതിനാൽ അത്യാവശ്യ കാര്യങ്ങൾക്ക് വാഹനം വാടകക്കെടുക്കാതെ തരമില്ല എന്ന് ബോധ്യമാവുന്നുണ്ട്. വാടകക്കെടുത്തത് ചട്ടവിരുദ്ധമാണെന്നോ വാടക നിരക്ക് തെറ്റാണെന്നോ ഓഡിറ്റുകളിലൊന്നും പരാമർശിച്ചതായും കാണുന്നില്ല. കുറ്റാരോപിതയുടെ മകന്റെ പേരിൽ വാടക എഴുതി എടുക്കേണ്ടിവന്ന സാഹചര്യം ശ്രീമതി. ഇന്ദിരയുടെ മറുപടിയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഉപ്പുതറ പഞ്ചായത്തിന്റെ വിദൂരസ്ഥവും അപകടം പിടിച്ചതുമായ വഴികളിൽ യാത്ര ചെയ്യുമ്പോൾ ഓഫീസ് ഡ്രൈവറില്ലാത്ത സാഹചര്യത്തിൽ സുരക്ഷിതത്വം പരിഗണിച്ച് മകനെ ഡ്രൈവറായി നിയമിച്ചുവെന്നാണ് അവർ വ്യക്തമാക്കിയിട്ടുള്ളത്. ഇന്ദിര തന്റെ സ്വന്തം പേരിലുള്ള വാഹനമായ KL 37 B -4893 നമ്പർ വാഹനമല്ല ഔദ്യോഗിക യാത്രക്കായി ഉപയോഗിച്ചിരുന്നത് എന്നും ഫയലിൽ നിന്ന് ബോധ്യമാകുന്നുണ്ട്.

ഓവർസീയർ തയ്യാറാക്കിയ എസ്റ്റിമേറ്റോ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമോ ഇല്ലാതെ ഓടവൃത്തിയാക്കിയ വകയിൽ 4800/- രൂപ 06.05.2015-ന് തനത് ഫണ്ടിൽ നിന്ന് ചിലവഴിച്ചു എന്ന രണ്ടാമത്തെ ആരോപണത്തിന് ശ്രീമതി. ഇന്ദിര നൽകിയ മറുപടിയിൽ പറയുന്നത് ഉപ്പുതറ ടൗണിലെ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലും ഓടയിൽ മാലിന്യം നിറഞ്ഞ് ആരോഗ്യപ്രശ്നം ഉടലെടുത്ത അവസ്ഥയിലാണ് മേൽ പ്രവൃത്തി അടിയന്തരമായി ചെയ്യേണ്ടി വന്നത് എന്നാണ്. മാലിന്യനിർമാർജ്ജനം തദ്ദേശ സ്ഥാപനങ്ങളുടെ പ്രഥമിക കടമയാണെന്നിരിക്കെ നഗരമധ്യത്തിൽ അടഞ്ഞുകിടന്ന മാലിന്യം നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചതും ചട്ടവിരുദ്ധമായി വ്യാഖ്യാനിക്കേണ്ടതില്ല എന്നാണ്

അഭിപ്രായപ്പെടാനുള്ളത്. പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ 30.04.2015-ന് റിട്ടയർ ചെയ്യുകയും ഓവർസീയർ കോട്ടയം മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറിപ്പോകുകയും ചെയ്ത സാഹചര്യത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ തൊഴിലാളികളെ നിയോഗിച്ച് മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നടത്തേണ്ടി വന്നത് എന്നാണ് അവർ അറിയിച്ചിട്ടുള്ളത്. ഓട വൃത്തിയാക്കിയതിൽ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് വ്യാപാരി വ്യവസായി ഏകോപന സമിതി അയച്ച കത്തിൽ നിന്നുതന്നെ സദുദ്ദേശ്യപരമായിട്ടാണ് സെക്രട്ടറിയായ ശ്രീമതി. ഇന്ദിര നടപടി സ്വീകരിച്ചത് എന്ന് വ്യക്തമാണ്. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ അനുശാസിക്കുന്നവിധം അടിയന്തരഘട്ടങ്ങളിൽ തന്നിൽ നിക്ഷിപ്തമായ അധികാരം സത്യസന്ധമായി ഉപയോഗിക്കുക മാത്രമേ താൻ ചെയ്തിട്ടുള്ളൂ എന്ന കുറ്റാരോപിതയുടെ വാദം അംഗീകരിക്കാവുന്നതാണ്. അതോടൊപ്പം പദ്ധതി മോണിറ്ററിങ്ങിന്റെ ഭാഗമായി പഞ്ചായത്ത് പ്രസിഡന്റിന്റെ ഓതറൈസേഷൻ ലെറ്ററും അലോട്ട്മെന്റ് ലെറ്ററും ട്രഷറി ബില്ലും അക്കൗണ്ടന്റിന്റെ ലോഗിനിൽ സുലേഖ സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കി ബില്ലുകളും വൗച്ചറുകളും പ്രസിഡന്റ് മേലൊപ്പ് വച്ച് അംഗീകരിച്ചശേഷമാണ് ട്രഷറി വഴി പണം പിൻവലിച്ചത് എന്നതിനാൽ സെക്രട്ടറി തെറ്റിദ്ധരിപ്പിച്ചുവെന്നോ ധനാപഹരണം നടത്തിയെന്നോ ഉള്ള വാദം നിലനിൽക്കുന്നതല്ല.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം പരാതി നൽകിയത് കുറ്റാരോപിതയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ചിത്രീകരിക്കുമ്പോൾ ഈ സംഭവത്തിന് പശ്ചാത്തലമായി കണക്കാക്കാവുന്ന ചില കാര്യങ്ങൾ കൂടി പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി നൽകിയ കാരണം കാണിക്കൽ നോട്ടീസിന് 04.10.2018-ന് ശ്രീമതി. ഇന്ദിര നൽകിയ മറുപടിയിൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ചതായി കാണുന്നു. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സെക്രട്ടറി എന്ന നിലയിൽ തനിക്ക് അനുവദിച്ച പാസ് വേർഡ് കൈമാറണമെന്ന് പ്രസിഡന്റും വൈസ് പ്രസിഡന്റും നിരന്തരം ആവശ്യപ്പെടുകയും അറിയപ്പെടുന്ന കരാറുകാരൻ കൂടിയായ വൈസ് പ്രസിഡന്റ് തന്നെ ഭീഷണിപ്പെടുത്തുകയും പാസ് വേർഡ് കൈമാറാത്തത് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. അബൂബക്കർ സിദ്ദീഖിന് തന്നെക്കുറിച്ച് പരാതി നൽകുകയും ചെയ്തതായി കുറ്റാരോപിത മേൽപ്പറഞ്ഞ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അച്ചടക്ക നടപടിയുടെ തന്നെ പ്രാരംഭഘട്ടത്തിൽ പഞ്ചായത്ത് ഡയറക്ടർ നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ഇന്ദിരയുടെ മറുപടിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ നിയുക്തനായ പീരുമേട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജി. കെ. തോമസ് നിഷ്പക്ഷമായ അന്വേഷണമല്ല നടത്തിയതെന്നും ശ്രീമതി. ഇന്ദിര ആക്ഷേപമുന്നയിച്ചിട്ടുണ്ട്. 2005-ൽ കട്ടപ്പന പഞ്ചായത്ത് വക കടമുറികൾ ശ്രീ. അജി കെ. തോമസ് ഭാര്യയുടെയും അമ്മയുടെയും പേരിൽ വാടകക്ക് ഏറ്റെടുത്തപ്പോൾ നിരതദ്രവ്യമായ 50000/- രൂപ ഒടുക്കിയിരുന്നില്ല എന്നും രണ്ടുപേരും ലേലത്തിൽ പങ്കെടുക്കാതെയാണ് കടമുറികൾ വാടകക്ക് പിടിച്ചതെന്നും താൻ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തതിൽ അജി കെ. തോമസിന് തന്നോട് വൈരാഗ്യമുണ്ടായിരുന്നുവെന്നും അതിനു പകവീട്ടാനുള്ള അവസരമായി അന്വേഷണ റിപ്പോർട്ടിനെ ഉപയോഗപ്പെടുത്തിയെന്ന ശ്രീമതി. ഇന്ദിരയുടെ ആക്ഷേപം പ്രഥമദൃഷ്ട്യാ തള്ളിക്കളയാൻ പറ്റുന്നതല്ല. അതുപോലെ തന്നെ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതിയുടെ കോപ്പിയോ അന്വേഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പിയോ കാരണം കാണിക്കൽ നോട്ടീസിനോടൊപ്പം തനിക്ക് ലഭിച്ചിരുന്നില്ല എന്നും അന്വേഷണ വേളയിൽ തന്റെ സാന്നിദ്ധ്യത്തിൽ പരാതിക്കാരിയുടെ മൊഴിയെടുക്കുകയോ പരാതിക്കാരിയുടെ വാദം ഖണ്ഡിക്കാൻ തനിക്ക് അവസരം നൽകുകയോ ചെയ്തിരുന്നില്ല എന്ന പരാതിയും കുറ്റാരോപിത ഉന്നയിച്ചിരിക്കുന്നു. കാണുന്നുണ്ട്. പഞ്ചായത്തിലെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസിഡന്റിന്റെ പേരിൽ ഉയർന്നുവന്ന ചില പരാതികൾ താൻ പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ നീരസമാകാം ഈ പരാതി ഉന്നയിക്കാൻ ഇടവരുത്തിയതെന്ന സംശയവും കുറ്റാരോപിത പ്രകടിപ്പിച്ചു കാണുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 28.09.2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് പ്രസ്തുതവിഷയത്തിൽ ഉചിതമായ

തീരുമാനം കൈക്കൊണ്ട് അച്ചടക്ക നടപടിയിൽ അന്തിമ തീർപ്പ് കൽപ്പിക്കുവാൻ സർക്കാരിനെ ഉപദേശിച്ചിട്ടുണ്ട്.

ഇക്കാര്യം വിശദമായി പരിശോധിച്ച്, ശ്രീമതി. ഇന്ദിരയ്ക്കെതിരായി കുറ്റാരോപണ പത്രികയിൽ ഉന്നയിച്ചിരിക്കുന്ന 1, 2, 3 ആരോപണങ്ങൾ നിലനിൽക്കുന്നതല്ലായെന്നു കാണുന്നു. പ്രസ്തുത 3 ആരോപണങ്ങളും നിലനിൽക്കാത്ത സാഹചര്യത്തിൽ ശ്രീമതി. പി. ഇന്ദിര സെക്രട്ടറിയായിരുന്ന കാലയളവിൽ ഗ്രാമപഞ്ചായത്തിൽ അഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം ഉണ്ടാവുകയും പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ഏകോപനവും ഐക്യവും പ്രകടമാവാത്തതും ടിയാരിയുടെ വീഴ്ചയായി കണക്കാക്കുന്നു എന്ന നാലാമത്തെ ആരോപണത്തിൽ നിന്നും ഇളവു നൽകി ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി. ഇന്ദിരയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) 1512/2018-ന്മേലുള്ള 28.09.2018-ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. പി. ഇന്ദിര, മുൻ സെക്രട്ടറി, ഉപ്പുതറ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. ധനകാര്യ വകുപ്പ് (PEN-B1(DEV-1)98/2018-Fin. Dated 30.11.2019)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. [illegible]

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/295/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ